₹ 5/-

# റിയൽ ലൈഫ് വോയ്സ്


R E A L L I F E V O I C E

Monthly

Volume 11
Issue 2

**August 2022**

pages 24


''പർവതങ്ങളെ നിർമ്മിക്കയും കാറ്റിനെ സൃഷ്ടിക്കയും മനുഷ്യനോട് അവന്റെ നിരൂപണം ഇന്നതെന്ന് അറിയിക്കയും പ്രഭാതത്തെ അന്ധകാരമാക്കുകയും ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുകയും ചെയ്യുന്ന ഒരുത്തനുണ്ട്; സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാകുന്നു അവന്റെ നാമം''

**(ആമോസ് 4:13)**


REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 11 Issue 2 August 2022 pages 24 Rs.5/**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.



**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-


**താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാ ങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951


**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


## Book No. 128

## ഉള്ളടക്കം

പേജ്


- ശവത്തിനുമുണ്ട് അവകാശം 3
- പ്രതികരണങ്ങൾ 7
- ദൈവത്തിന്റെ വിശ്വസ്തത (4) 9
- റോമർ 16ലെ ദൈവമക്കൾ (1) 12
- ഹബക്കൂക് (6) 15
- ചോദ്യവും ഉത്തരവും (29) 18
- ഓർമ്മകൾ (33) 20
- ഓരോരോ ജന്മങ്ങള് (8) 23
- ... പാഴ്റബ്ബർമരം 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ശവത്തിനുമുണ്ട് അവകാശം!

IPC Section 297

***Whoever....offers any indignity to any human corpse .....shall be punished*** *with imprisonment of either description for a term which may extend to one year, or with fine, or with both* (IPC Section 297)

**ആരെങ്കിലും.... ഏതെങ്കിലും ഒരു മനുഷ്യന്റെ ശവത്തിനോട് ഏതെങ്കിലും തരത്തിലുള്ള അനാദരവ് കാണിച്ചാൽ..... അയാൾ ശിക്ഷിക്കപ്പെടും.** ഒന്നുകിൽ ഒരു വർഷം വരെ കിട്ടാവുന്ന തടവ്, അല്ലെങ്കിൽ പിഴ, അതുമല്ലെങ്കിൽ രണ്ടും കൂടി (ഐപിസി സെക്ഷൻ 297)

ദൈവമക്കളുടെ മൃതശരീരങ്ങൾ അപമാനിക്കപ്പെടുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. അങ്ങനെ കാണുമ്പോഴെല്ലാം ശക്തമായ രോഷവും അതൃപ്തിയും എന്റെ ഉള്ളിൽ ഉണ്ടാകാറുണ്ട്. പലയിടത്തും അതൃപ്തി അറിയിച്ചിട്ടുണ്ടെങ്കിലും അതുകൊണ്ട് പ്രയോജനങ്ങൾ അധികമുണ്ടായിട്ടില്ല. ഞാൻ അഭിമുഖീകരിച്ച നാലു സന്ദർഭങ്ങൾ വിശദീകരിക്കാം.

**1998**

35 വയസ്സുള്ള ഒരു സഹോദരൻ ഹൃദയസ്തംഭനത്തെത്തുടർന്ന് മരിച്ചു. ഞങ്ങളൊരുമിച്ച് കുറച്ചുകാലം സഹകരിച്ചു പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞ് ഞങ്ങൾ വീട്ടിൽ ചെല്ലുമ്പോൾ കാണുന്ന കാഴ്ച! ആ സഹോദരന്റെ കയ്യിൽ കൊന്തയണിച്ച് കുരിശും പിടിപ്പിച്ച് കിടത്തിയിരിക്കുന്നു! ഇക്കാര്യങ്ങൾക്കെതിരെ ശക്തമായി പഠിപ്പിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം; കത്തോലിക്കാസഭയുടെ ഉരുക്കുകോട്ട ഭേദിച്ച് വിശ്വാസത്തിൽ വന്ന വ്യക്തിയായിരുന്നു. ജീവനുള്ള കാലത്ത് അദ്ദേഹം ഏറ്റവും വെറുത്തിരുന്ന കാര്യം അദ്ദേഹത്തിന്റെ മൃതശരീരത്തിൽ അടിച്ചേൽപ്പിച്ചുകൊണ്ട് ആ പരമ്പരാഗത കത്തോലിക്കാകുടുംബം കാണിച്ചത് അദ്ദേഹത്തോടുള്ള സ്നേഹമോ, അതോ വെറുപ്പോ?

“ഞങ്ങൾ പാട്ട് പാടട്ടെ” അവരുടെ വലയത്തിനകത്ത് പതുക്കെ നുഴഞ്ഞുകയറാനും പാട്ടും പ്രാർത്ഥനയും ദൈവവചനവുമായി മുന്നേറാനും ഉള്ള ആഗ്രഹത്തോടെ ഞാൻ ചോദിച്ചു. അവർ സമ്മതിച്ചില്ല. “വേണ്ട. ഞങ്ങൾ അരമനയിൽ ചെന്ന് പിതാവിന്റെ കയ്യും കാലും പിടിച്ചാണ് ഞങ്ങളുടെ പള്ളിയിൽ അടക്കം ചെയ്യാനുള്ള അനുവാദം വാങ്ങിയത്. അതുകൊണ്ട് നിങ്ങളുടെ പാട്ടും പ്രാർത്ഥനയും പറ്റില്ല.” ആ മൃതദേഹം ആ അപമാനവും സഹിച്ചുകൊണ്ട് കിടക്കുന്നത് കാണാൻ താത്പര്യമില്ലാത്തതുകൊണ്ട് ഞങ്ങൾ അവിടെനിന്നും പെട്ടെന്നു പോന്നു.

**2005**

ഏകദേശം 35 വയസ്സുള്ള ഒരു സഹോദരി കാൻസർ ബാധിച്ചു മരിച്ചു. കത്തോലിക്കാസഭയിൽ നിന്നും വിശ്വാസത്തിൽ വന്ന സഹോദരിയാണ്. കൊന്തയും കുരിശും ധരിപ്പിച്ചു തന്നെ അവർ ആ മൃതദേഹത്തേയും കിടത്തി. ഭർത്താവും കുഞ്ഞുമക്കളും നിസ്സഹായരായി നോക്കി നിൽക്കേണ്ടി വന്നു. കത്തോലിക്കാസഭയിൽനിന്ന് വിട്ടുപോന്നവർ മരിക്കുമ്പോൾ ആ മൃതദേഹത്തോട് ഈ രീതിയിൽ പ്രവർത്തിക്കുന്നവർ തീർച്ചയായും ഒരുതരം പ്രതികാരമനോഭാവം തന്നെയാണ് കാണിക്കുന്നത്. ‘ജീവിക്കുന്ന കാലത്ത് നീ കൊന്തയും കുരിശും അണിയാൻ കൂട്ടാക്കിയില്ലല്ലോ; നിന്റെ ശവത്തെ ഞങ്ങൾ അത് ധരിപ്പിക്കും’ എന്ന പ്രതികാര മനോഭാവം.

**2020**

ഏകദേശം 70 വയസ്സു പ്രായമുള്ള വ്യക്തിയായിരുന്നു കത്തോലിക്കാസഭയുടെ ഇവിടത്തെ ഇര. മരിച്ചയാൾക്ക് മൂന്നു ആൺമക്കളാണ് ഉള്ളത്. പക്ഷേ അദ്ദേഹത്തിന്റെ പെങ്ങൾ കന്യാസ്ത്രീയായിരുന്നു. ആ കന്യാസ്ത്രീയുടെ ഭരണമാണ് അവിടെ അരങ്ങേറിയത്. കൊന്തയും കുരിശും അണിയിച്ചു തന്നെയാണ് ആ പാവത്തെയും കിടത്തിയിരുന്നത്. ആ ശവപ്പെട്ടിയിൽ നിന്നും അന്നേരം അദ്ദേഹം ജീവൻ വച്ച് എഴുന്നേറ്റിരുന്നുവെങ്കിൽ കാണാമായിരുന്നു പുകില്!

വല്ല അച്ചന്മാരോ കന്യാസ്ത്രീകളോ വരുമ്പോഴേക്കും പെങ്ങളൂട്ടി കന്യാസ്ത്രീ ഞങ്ങളോട് “നിർത്ത് നിർത്ത്” എന്നു പറയുകയും അവരുടെ “മരിച്ചവനേ ഉയിർപ്പിക്കുന്നവനേ തിരുനാമത്തിനു സ്തുതി” എന്നു തുടങ്ങുന്ന വായന ആരംഭിക്കുകയും ചെയ്യും. എൺപതിലധികം വയസ്സ് പ്രായമുള്ള ശുശ്രൂഷകനും സഹായിയായി നിന്നിരുന്ന ഞാനും പല തവണ അപമാനിക്കപ്പെട്ടു. എന്റെ പ്രതിഷേധം ആ സഭയിലെ ചില സഹോദരന്മാരോട് ഞാൻ പങ്കുവച്ചതിനെ തുടർന്ന് അവർ ആ വീട്ടിലെ മക്കളോട് ശക്തമായി സംസാരിക്കുകയും കൊന്തയും കുരിശും എടുത്തു മാറ്റുകയും ചെയ്തു.

**2022**

56 വയസ്സുള്ള ഒരു സഹോദരൻ ഹൃദയസ്തംഭനത്തെത്തുടർന്ന് മരിക്കുവാൻ ഇടയായി. അദ്ദേഹത്തിന്റെയും പെങ്ങൾ ഒരു കന്യാസ്ത്രീയായിരുന്നു. പാട്ടു പാടാൻ തുടങ്ങിയ എന്നെ വിലക്കിക്കൊണ്ട് അവർ ഒപ്പീസ് ആരംഭിച്ചു. മരണപ്പെട്ട സഹോദരന്റെ ഭാര്യ അതിലുള്ള അതൃപ്തിയും പ്രതിഷേധവും പ്രകടിപ്പിച്ചു. അത്രയും ദുഃഖത്തിന്റെ മദ്ധ്യത്തിലും ആ സഹോദരി എതിർപ്പ് പ്രകടമാക്കിയത് ഇത്തരം സന്ദർഭങ്ങളിലൂടെ കടന്നുപോകുന്നവർക്ക് ഒരു മാതൃകയാണ്. പലയിടങ്ങളിലും ഇപ്രകാരം ധൈര്യം കാണിക്കുന്നതിൽ 'ആണുങ്ങൾ' പരാജയപ്പെട്ടിട്ടുണ്ട് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം.

കന്യാസ്ത്രീയും സംഘവും ഒപ്പീസ് ചൊല്ലിത്തീർക്കുക തന്നെ ചെയ്തു. തുടർന്ന് വിശ്വാസികൾ പാട്ടുകൾ പാടാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോഴേക്കും മറ്റൊരു കൂട്ടം കന്യാസ്ത്രീകൾ വന്നു. ഉടനെ ഞങ്ങളോട് പാട്ടുകൾ നിർത്തുവാൻ കന്യാസ്ത്രീ ആവശ്യപ്പെട്ടു. ഇത്തവണ എനിക്കു അവരെ തടയേണ്ടി വന്നു. ഞാനായിരുന്നു ശുശ്രൂഷകൻ. ചെറിയ തോതിലൊരു വാക്ക്തർക്കം ഉണ്ടായി. അവർ എല്ലാവരും ഇതിൽ പങ്കെടുക്കാതെ പോകുമെന്നു പറഞ്ഞു. "എന്തു ചെയ്താലും വിരോധമില്ല. എന്നെയാണ് ഈ ശുശ്രൂഷ ഏൽപ്പിച്ചിരിക്കുന്നത്. ഞാൻ പറയുന്ന പോലെ മാത്രമേ ഇവിടെ ഇനി കാര്യങ്ങൾ നടക്കൂ" എന്നു എനിക്ക് പറയേണ്ടി വന്നു. സഹോദരിയുടെ വീട്ടുകാരും ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതോടുകൂടി അവർ പിൻവാങ്ങി.

പക്ഷേ കത്തോലിക്കാമതഭക്തി തീവ്രമായ നിലയിൽ അവരിൽ ഉണ്ടായിരുന്നുവെങ്കിലും അവർ മാന്യരായിരുന്നു. അവർ ആ ശുശ്രൂഷകളിൽ ആദിയോടന്തം പങ്കെടുത്തു. സെമിത്തേരിയിലും അവർ വന്നു. ഏറ്റവും അവസാനം മാത്രമാണ് അവർ പോയത്. പോകുമ്പോൾ ആ കന്യാസ്ത്രീ എന്റെ അടുക്കലേക്കു വന്നു ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ പാട്ടും പ്രാർത്ഥനയുമെല്ലാം നന്നായിരുന്നു. തുടക്കത്തിൽ ചെറിയൊരു ബുദ്ധിമുട്ട് എനിക്ക് തോന്നിയിരുന്നു. പിന്നീട് കുഴപ്പമില്ല. വളരെ നന്നായിരുന്നു." ഞാൻ എന്റെ മനസ്സിൽ ദൈവത്തിനു സ്തോത്രം ചെയ്തു.

**അനുവദിക്കരുതേ**

പ്രിയ ദൈവജനമേ, ദയവായി ശ്രദ്ധിക്കുക. നമ്മുടെ കൂട്ടത്തിൽ ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ മൃതശരീരത്തെ അപമാനിക്കാൻ കൂട്ടുനിൽക്കരുതേ. ആ സഹോദരൻ/സഹോദരി ഇഷ്ടപ്പെടാത്ത കാര്യങ്ങൾ അവരുടെ മൃതശരീരത്തിൽ കാണിച്ചുകൂട്ടാൻ നാം അനുവദിക്കരുതേ.

നമ്മുടെ കൂട്ടത്തിൽ ഇരുന്നു നമ്മോടുകൂടെ ദൈവത്തെ ആരാധിച്ചിരുന്ന വരുടെ മൃതശരീരം കൊന്തയണിഞ്ഞും കുരിശുപിടിച്ചും കിടക്കുന്നത് കാണുമ്പോൾ പലർക്കും ഉള്ളിൽ ഒരു പ്രതിഷേധത്തിന്റെ കനൽ പോലും പൊടിയാത്തത് എന്നെ അത്ഭുതപ്പെടുത്തുന്നു.

'അദ്ദേഹം മരിച്ചു. സ്വർഗ്ഗത്തിൽ എത്തി. മണ്ണായിത്തീരേണ്ട ശരീര ത്തിൽ ആര് എന്ത് കാണിച്ചാലും കുഴപ്പമില്ല' എന്ന കാഴ്ചപ്പാട് പല ദൈവ മക്കളും വച്ചുപുലർത്തുന്നത് അവർ കറകളഞ്ഞ പേടിത്തൊണ്ടന്മാരായതു കൊണ്ട് മാത്രമാണ് എന്നു ഞാൻ പറയുന്നു. മറ്റുള്ളവരെ തൃപ്തിപ്പെടു ത്താനും അവരുടെ എതിർപ്പ് ഒഴിവാക്കുന്നതിനും വേണ്ടി നമ്മുടെ ഒരു സഹോദരന്റെ/സഹോദരിയുടെ മൃതശരീരത്തെ അപമാനിക്കാൻ നാം സമ്മ തിക്കരുതേ. കൊന്തയും കുരിശും അണിയിച്ചുകൊണ്ട് ആ മൃതശരീരം നമ്മുടെ സെമിത്തേരിയിൽ അടക്കം ചെയ്യാൻ നാം ഒരിക്കലും സമ്മതിക്ക രുത്. നമ്മുടേതായ സെമിത്തേരികളിൽ കയറി ഒപ്പീസ് ചൊല്ലാൻ മറ്റുള്ള വരെ നാം ഒരു കാരണവശാലും അനുവദിക്കരുത്.

**ഐപിസി സെക്ഷൻ 297**

നമ്മുടെ രാജ്യത്ത് ഇതു സംബന്ധിച്ച് വ്യക്തമായ നിയമമുണ്ട്. അ താണ് ഐപിസി സെക്ഷൻ 297. മൃതശരീരം മറവു ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഈ നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. മൃത ശരീരത്തെ അപമാനിക്കുന്ന വിധത്തിലുള്ള യാതൊരു പ്രവൃത്തിയും ആരിൽനിന്നും ഉണ്ടാകരുത്. ഉണ്ടായാൽ അവരെ ശിക്ഷിക്കുന്നതിനുള്ള വകുപ്പാണ് ആ നിയമത്തിൽ ഉള്ളത്. ഒരാൾ മരിച്ചു എന്നു കരുതി അദ്ദേഹ ത്തിന്റെ മൃതശരീരത്തെ നാം വിട്ടുകളയേണ്ടതില്ല. അതിനെ മാന്യമായി അടക്കം ചെയ്യുന്നതിനുള്ള ബാധ്യത നമുക്കുണ്ട്.

**വിലപേശലും അപമാനിക്കലും നേരത്തേ തടയുക**

ഒരാൾ മരിച്ചാൽ അയാളുടെ മൃതശരീരം കൊന്തയും കുരിശും അണി ഞ്ഞോ മറ്റേതെങ്കിലും രീതിയിലോ അവഹേളിക്കപ്പെടാൻ സാധ്യതയു ണ്ടെന്നു തോന്നിയാൽ, ആ ശവശരീരം വച്ചുകൊണ്ട് ഒരു വിലപേശലും വഴക്കും നടക്കാൻ സാധ്യതയുണ്ടെന്നു തോന്നിയാൽ, അയാൾ ജീവിച്ചിരി ക്കുമ്പോൾ തന്നെ ഇക്കാര്യങ്ങളിൽ ഒരു തീർപ്പ് പറഞ്ഞുവയ്ക്കുന്നത് നല്ല താണ്. പിന്നെയും സംശയം ബാക്കിയുണ്ടെങ്കിൽ, മുദ്രപത്രത്തിൽ എഴുതി വയ്ക്കാവുന്നതുമാണ്.

ഇതിനെക്കുറിച്ചു ഒരു ബോധവത്ക്കരണം സഭകളിൽ നടത്തേണ്ടത് ആവശ്യമാണ്. വിശ്വാസികളുടെ മൃതശരീരങ്ങളെ അവഹേളിക്കുന്നത് നാം തടയുക തന്നെ വേണം.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

**K K Kuttappan, Arivilamchal, Idukki**

സമുദായങ്ങളുടെ തലപ്പത്തിരുന്ന് മാനുഷിക പ്രമാണപ്രകാരം ജഡിക മനുഷ്യനു വേണ്ടുന്ന കാര്യങ്ങൾ മാത്രം പ്രചരിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് നേതൃത്വം നൽകുന്ന പുരോഹിതന്മാരുടെ നാട്ടിൽ, ദൈവപ്രമാണ പ്രകാരം നടത്തപ്പെടുന്ന റിയൽ ലൈഫ് വോയ്സ് മാസിക പ്രസിദ്ധീകരിക്കാൻ ഒരു രാജകീയ പുരോഹിതനെ ദൈവം ചുമതലപ്പെടുത്തിയതോർത്തും ആ മാസിക വാങ്ങി വായിക്കുവാൻ നിസ്സാരന്മാരായ ചില വായനക്കാരെ ദൈവം ഒരുക്കിയതോർത്തും ദൈവത്തിനു നന്ദി പറയുന്നു. നികുതിഭാരം കൊണ്ട് മനുഷ്യനെ കഷ്ടപ്പെടുത്തുന്ന സർക്കാരിനെക്കുറിച്ചും സമുദായ മതപുരോഹിതന്മാർ വചനം വിട്ടുകളഞ്ഞ് കാട്ടിക്കൂട്ടുന്ന കാര്യങ്ങളെക്കുറിച്ചും ഈ മാസികയിൽ വിശദീകരിക്കുന്നു. മാറ്റം ഇല്ലാത്ത ദൈവവചനം മുറുകെപ്പിടിച്ച് നടത്തപ്പെടുന്ന ഈ ശുശ്രൂഷയെ ദൈവം അനുഗ്രഹിക്കട്ടെ.


## S M TRUST WORKS

**ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തുന്നതിനു ബന്ധപ്പെടുക**

Church Registration... All kinds of trust registration...
Anywhere in India

Contact: 94 95 44 65 04


*ഈ മാസിക ആവശ്യമുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങളുടെ സുഹൃത്തുക്കളോ ബന്ധുക്കളോ ഉണ്ടെങ്കിൽ അവരുടെ സമ്മതത്തോടെ അവരുടെ വിലാസം ഞങ്ങൾക്ക് അയച്ചുതരിക.* **(എഡിറ്റർ)**

# എം. വി. സെബാസ്റ്റ്യൻ
# എഴുതിയ പുസ്തകങ്ങൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. സത്യം തേടിയുള്ള അന്വേഷണം
3. കുടുംബജീവിതം
4. മൂപ്പൻ
5. ഓബദ്യാവ് (പുസ്തകപഠനം)
6. മീഖാ (പുസ്തകപഠനം)
7. മൂലഭാഷകളൂടെ സൗന്ദര്യം
8. ചോദ്യവും ഉത്തരവും
9. സഭ
10. തലമുറകൾ
11. മഹാകവി കെ. വി. സൈമൺ
12. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
13. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
14. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
15. ഇമ്മാനുവിന്റെ സംശയങ്ങൾ
16. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
17. പരിശുദ്ധാത്മാവ്
18. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
19. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
20. യോവേൽ (പുസ്തകപഠനം)

**ആദ്യത്തെ രണ്ടു പുസ്തകങ്ങൾ മാത്രം പ്രിന്റ് ചെയ്തിട്ടുണ്ട്. ആവശ്യപ്പെടുന്നവർക്ക് അത് സൗജന്യമായി അയച്ചുതരുന്നതാണ്. ബാക്കിയുള്ള പുസ്തകങ്ങൾ വെബ്സൈറ്റിലുണ്ട്**

വെബ്സൈറ്റ് സന്ദർശിക്കുക. 2020 മുതലുള്ള *റിയൽ ലൈഫ് വോയ്സി*ന്റെ ലക്കങ്ങളും വെബ്സൈറ്റിലുണ്ട്. ഡൗൺലോഡ് ചെയ്തു ഉപയോഗിക്കേണ്ടവർക്ക് അങ്ങനെ ചെയ്യാവുന്നതാണ്.

**www.reallifevoice.in**

# ദൈവത്തിന്റെ വിശ്വസ്തത

## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

**Prof. T. John Mathew**

പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

4

റ്റി. എ. കുര്യൻ (കുഞ്ഞച്ചൻ)
**ഭാര്യ:**
മറിയാമ്മ കുര്യൻ
**പിതാവ്:**
റ്റി. കെ. എബ്രഹാം (അവറാച്ചൻ)
**മാതാവ്:**
അന്നമ്മ

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമൺ എന്ന പേരിൽ ജീവചരിത്രം പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും ഇതു വായിച്ചുമനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഇതിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു. **(എഡിറ്റർ)**

### ഇരുമ്പുകുഴിയിലെ ജീവിതം

ഇരുമ്പുകുഴി എന്ന സ്ഥലത്ത് അവറാച്ചൻ വാങ്ങിയ നിലം കൃഷി ചെയ്യുന്നതിന് ഉതകുന്നതായിരുന്നില്ല; കൃഷി ചെയ്യുന്നതിന് പര്യാപ്തമായ നിലയിൽ അതിനെ മാറ്റിയെടുക്കേണ്ടതുണ്ടായിരുന്നു. അവറാച്ചനും അന്നാമ്മയും കൂലിപ്പണിക്കാരുടെ സഹായത്തോടെ കഠിനാദ്ധ്വാനം ചെയ്യുകയും കാലക്രമേണ ആ ഭൂമി ഫലഭൂയിഷ്ഠമാക്കുന്നതിൽ വിജയിക്കുകയും ചെയ്തു.

അവിടെ താമസിക്കുമ്പോഴാണ് കുഞ്ഞച്ചന്റെ (റ്റി.എ. കുര്യന്റെ) അനുജത്തി തങ്കമ്മയും അനുജൻ സാമുവേലും ജനിച്ചത്.

കുഞ്ഞച്ചന് 'കളരി' എന്ന പ്രീ പ്രൈമറി സ്കൂളിൽ ചേരാൻ സമയമായപ്പോൾ അന്നമ്മ അവനെ ഒരു ടീച്ചറുടെ അടുക്കൽ കൊണ്ടുപോവുകയും ആ ടീച്ചർ അവനെ അക്ഷരമാല പഠിപ്പിക്കുകയും ചെയ്തു. അക്ഷരമാല പഠിച്ചതിനുശേഷം അവനെ പ്രൈമറിസ്കൂളിലേക്ക് അയച്ചു. മലയാളം അക്ഷരമാല പഠിക്കുന്നതിന് അവനെ നിർബന്ധിക്കുവാൻ അമ്മയ്ക്ക് ആദ്യം ബുദ്ധിമുട്ട് തോന്നിയെങ്കിലും, അക്ഷരമാലയുടെ രഹസ്യം പഠിച്ചപ്പോൾ അവൻ വായിക്കാനും പഠിക്കാനും വളരെ ഉത്സാഹം കാണിക്കുന്നത് അവൾക്ക് കാണുവാൻ കഴിഞ്ഞു.

അവൻ വായിക്കാനും എഴുതാനും തുടങ്ങിയപ്പോൾ അവന്റെ അപ്പനും അമ്മയും ബൈബിൾ വായിക്കാൻ അവനെ പ്രേരിപ്പിച്ചു. ബൈബിളിലെ പ്രധാനപ്പെട്ട ചില വാക്യങ്ങൾ കാണാപാഠം പഠിക്കുവാൻ അവന്റെ അമ്മ അവനെ ഉത്സാഹിപ്പിച്ചു. അങ്ങനെ കുട്ടിക്കാലത്തു തന്നെ അവനെ ബൈബിൾ പഠിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു. അവന്റെ അമ്മ വീട്ടിലെ ജോലികൾ നിമിത്തം വളരെ തിരക്കിലായിരുന്നുവെങ്കിലും, അവളുടെ അപ്പനും സുഹൃത്തുക്കളും ശ്രീ. ഈ. എച്ച്. നോയലിന്റെ മിഷനറി പ്രവർത്തനങ്ങളിൽ എങ്ങനെയെല്ലാം സഹകരിച്ചിരുന്നുവെന്ന് അവനോട് വിവരിക്കാൻ സമയം കണ്ടെത്തി. നിലം ഉഴുതുമറിക്കുന്ന കർഷകരായും, കന്നുകാലിയെയും കോഴിയെയും വളർത്തുന്നവരായും അവളുടെ കുടുംബത്തിലെ ആളുകൾ നയിച്ച കഠിനവും സാഹസികവുമായ ജീവിതത്തെക്കുറിച്ച് അവൾ അവനു വിവരിച്ചുകൊടുത്തു.

അമ്മയിൽ നിന്ന് കുട്ടിക്കാലത്ത് കേട്ട ഇത്തരം കാര്യങ്ങൾ അവന്റെ ഭാവനയെ ജ്വലിപ്പിക്കുകയും അവൻ കണ്ടതും കേട്ടതുമായ കാര്യങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാനുള്ള ജിജ്ഞാസയെ അവനിൽ ഉണർത്തുകയും ചെയ്തു. അങ്ങനെ അവൻ കാണുകയും കേൾക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളെയും കുറിച്ച് കഴിയുന്നത്ര അറിയാനുള്ള ത്വരയുള്ള ഒരു കുട്ടിയായി വളർന്നു.

കുഞ്ഞച്ചനെ അവന്റെ വല്യപ്പച്ചന്റെ വീടിന്റെ അടുത്തുള്ള പ്രൈമറി സ്കൂളിലാണ് ചേർത്തത്. അങ്ങനെ അവൻ അവന്റെ വല്യപ്പച്ചനോടും വല്യമ്മച്ചിയോടും, അവന്റെ അപ്പന്റെ അനുജനായ യോഹന്നാച്ചനോടും ഒപ്പം താമസിക്കുവാൻ ഇടയായി. യോഹന്നാച്ചൻ പഠിത്തത്തിൽ അവനെ വളരെയധികം സഹായിച്ചു. ഭാഷയുടെയും ഗണിതത്തിന്റെയും അടിസ്ഥാനകാര്യങ്ങൾ അവൻ ഗ്രഹിച്ചത് യോഹന്നാച്ചനിൽ നിന്നായിരുന്നു. വാരാന്ത്യത്തിൽ അവൻ ഇരിമ്പുകുഴിയിലേക്ക് പോവുകയും രണ്ടു ദിവസം തന്റെ മാതാപിതാക്കളോടൊപ്പവും അനുജൻ ശമുവേൽ, സഹോദരി തങ്കമ്മ എന്നിവരോടൊപ്പം കഴിയുകയും ചെയ്യും.

**യോഹന്നാച്ചന്റെ ലൈബ്രറി**

*(ഗ്രന്ഥകർത്താവായ ടി. ജോൺമാത്യുവിന്റെ പിതാവാണ് യോഹന്നാച്ചൻ അഥവാ ടി. കെ. ജോൺ)*

വല്യപ്പച്ചനോടും വല്യമ്മച്ചിയോടും ഉപ്പാപ്പനോടും (യോഹന്നാച്ചൻ) കൂടെയുള്ള താമസം, കുഞ്ഞച്ചന്റെ ജീവിതത്തിലെ ഒരു പ്രധാന വഴിത്തിരിവായി മാറി. അവന്റെ ഉപ്പാപ്പന് ബൈബിൾസംബന്ധമായതും അല്ലാത്തതുമായ പുസ്തകങ്ങളുടെ ചെറിയ ഒരു ശേഖരം ഉണ്ടായിരുന്നു. ആ പുസ്തകങ്ങൾ വായിക്കാനും മനസ്സിലാക്കാനും അവൻ ശ്രമിച്ചു. ഇംഗ്ലീഷിലുള്ള പുസ്തകങ്ങൾ മുഴുവനായും ശരിയായും വായിച്ചു മനസ്സിലാക്കാൻ കഴിയത്തക്കവിധമുള്ള അറിവ് അക്കാലത്ത് അവന് ഇംഗ്ലീഷിൽ ഉണ്ടായിരുന്നില്ല. അഭ്യസ്തവിദ്യരായ അയൽവാസികളുടെ സഹായത്തോടെയും കഠിനപരിശ്രമം നടത്തിയുമാണ് അവൻ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കിയിരുന്നത്.

കുഞ്ഞച്ചനെ സംബന്ധിച്ചിടത്തോളം അവന്റെ ഉപ്പാപ്പനായ യോഹന്നാച്ചന്റെ ചെറിയ ലൈബ്രറി അറിവിന്റെ മഹത്വവും മനോഹരവുമായ ലോകത്തേക്കുള്ള ഒരു ജാലകമായിരുന്നു. അറിവിനോടുള്ള ഒരു അഭിനിവേശം അവന് അനുഭവപ്പെട്ടു. ഉപ്പാപ്പന്റെ പുസ്തകങ്ങളിൽ നിന്നും അവൻ മനസ്സിലാക്കിയ ‘അറിവിന്റെ ലോകം’ ആസ്വദിക്കാൻ കഴിയണം എന്നുള്ള പ്രതീക്ഷ നിമിത്തം സ്കൂളിലെ പാഠങ്ങളെല്ലാം അവൻ ഉത്സാഹത്തോടെ പഠിച്ചു. അതുകൊണ്ട് കുഞ്ഞച്ചനെ പാഠങ്ങൾ പഠിക്കുവാൻ ആരും നിർബന്ധിക്കേണ്ടിവന്നില്ല; പാഠങ്ങൾ പഠിച്ചില്ലെങ്കിൽ ശിക്ഷ ലഭിക്കും എന്നു ഭീഷണിപ്പെടുത്തേണ്ടിയും വന്നില്ല. അവന്റെ ക്ലാസ്സിലെ ഒരു ശരാശരി വിദ്യാർത്ഥിയേക്കാൾ അധികം പഠിക്കാൻ അവൻ ഉത്സാഹം കാണിച്ചു.

**‘തൈപ്പറമ്പിൽ കിഴക്കേൽ’**

കുഞ്ഞച്ചൻ പ്രൈമറി സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഇരിമ്പുകുഴിയിലെ സ്ഥലം വിൽക്കാനും കീഴ്‌വായ്പൂർ എന്ന സ്ഥലത്ത് പുതിയ പ്ലോട്ട് വാങ്ങാനും അവന്റെ മാതാപിതാക്കൾ തീരുമാനിച്ചിരുന്നു. അങ്ങനെ അവർ കൃഷി ചെയ്യുന്നതിനു അനുയോജ്യമായ ഭൂമി കുറച്ച് ഏക്കർ വാങ്ങിക്കുകയും അവിടെ ഒരു വീടു പണിയുകയും ചെയ്തു. ഈ വീട് ‘തൈപ്പറമ്പിൽ കിഴക്കേൽ’ എന്നറിയപ്പെട്ടു. (‘കിഴക്കേൽ’ എന്ന വാക്കിന്റെ പ്രാധാന്യം ഈ എഴുത്തുകാരന് അറിയില്ല). അപ്പോഴും കുഞ്ഞച്ചൻ അവന്റെ ഉപ്പാപ്പന്റെയും വല്യപ്പച്ചന്റെയും വല്യമ്മയുടെയും കൂടെയാണ് താമസിച്ചിരുന്നത്.

**(തുടരും)**

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

1

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

അപ്പൊസ്തലനായ പൗലൊസ് റോമർക്കെഴുതിയ ലേഖനത്തിന്റെ അവസാന അദ്ധ്യായത്തിൽ ചില ദൈവമക്കളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവരെ ഓരോരുത്തരെയും നമുക്കു പരിചയപ്പെടാം. ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്ന ചില ദൈവമക്കളെ നാം അങ്ങനെ സന്ദർശിക്കുകയാണ് എന്നു പറയാം.

**1. ഫേബ (ഗ്രീക്കിൽ, ഫോയ്ബെ)**

*"നമ്മുടെ സഹോദരിയും കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബയെ നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊണ്ടു, അവൾക്കു നിങ്ങളുടെ സഹായം വേണ്ടുന്ന ഏതു കാര്യത്തിലും സഹായിക്കേണ്ടതിനു ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നു. അവളും പലർക്കും വിശേഷാൽ എനിക്കും സഹായം ചെയ്തിരിക്കുന്നു." (റോമർ 16:1–2)*

ഫേബയെ 'ഫീബാ' എന്നും 'ഫീബി' എന്നും ഒക്കെ പലരും വിളിക്കാറുണ്ട്. യഥാർത്ഥത്തിൽ ആ സഹോദരിയുടെ പേര് ഇതൊന്നുമല്ല, 'ഫോയ്ബെ' (foy'-bay) എന്നാണ്. അതായത്, അവളുടെ മാതാപിതാക്കൾ അവൾക്കിട്ട പേര് 'ഫോയ്ബെ' എന്നായിരുന്നു. മത്തായോസിനെ (mat-thah'-yos) മത്തായിയും മാത്യുവും ആക്കിത്തീർത്തവർ, ഇയാക്കോബോസിനെ (ee-ak'-o-bos) ജെയിംസും യാക്കോബും ആക്കിത്തീർത്തവർ ഫോയ്ബെയുടെയും പേരു മാറ്റി. ഞാൻ ഏതായാലും ആരോടും പരാതിപ്പെടുന്നില്ല. ഫോയ്ബെയും മത്തായോസും ഇയാക്കോബോസുമെല്ലാം സ്വർഗ്ഗത്തിൽവച്ച് കണ്ടുമുട്ടിയാൽ അവരുടെ പേര് മാറ്റിയതിൽ അതൃപ്തി പ്രകടിപ്പിക്കില്ലെന്നു നമുക്കു പ്രത്യാശിക്കാം.

'ശോഭയുള്ളവൾ' (bright) എന്നാണ് ഫേബ എന്ന വാക്കിന്റെ അർത്ഥം. പേര് പോലെ തന്നെ ശോഭയുള്ള (പ്രകാശം പരത്തുന്ന) സ്വഭാവം ഉള്ളവളായിരുന്നു അവൾ. അവളെക്കുറിച്ചുള്ള പൗലൊസിന്റെ വിശേഷണങ്ങൾ

അതിനു തെളിവാണ്. “നമ്മുടെ സഹോദരി”, “കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തി”, “മറ്റുള്ളവർക്ക് സഹായം ചെയ്തവൾ” ഈ മൂന്നു വിശേഷണങ്ങളും ഫേബയുടെ വ്യക്തിത്വത്തിന്റെ മാറ്റു കൂട്ടുന്നവയാണ്. റോമാലേഖനം പൗലൊസ് ഫേബയുടെ കൈവശം റോമാസഭയ്ക്ക് കൊടുത്തുവിട്ടു എന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു.

പൗലൊസ് എത്ര ശക്തമായ വിധത്തിലാണ് ഫേബയെ ശുപാർശ ചെയ്ത് സംസാരിക്കുന്നത്! പൗലൊസ് പൊതുവെ ഒരു സ്ത്രീവിരോധിയാണെന്നാണ് പലരും വിശ്വസിക്കുന്നത്. ഫെമിനിസ്റ്റുകൾ ചിലപ്പോൾ പൗലൊസിന്റെ ദേഹത്ത് കരിഓയിൽ ഒഴിച്ചു എന്നു വന്നേക്കും. അതിനു അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. “സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ” എന്നും, “സ്ത്രീയുടെ തല പുരുഷൻ” എന്നും, “നീ ഭാര്യ ഇല്ലാത്തവനോ? ഭാര്യയെ അന്വേഷിക്കരുത്” എന്നും, “പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്” എന്നും, “ആദാം അല്ല സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത്” എന്നും, “ഭാര്യമാരേ, സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ ”എന്നും, “അവണ്ണം സ്ത്രീകളും ഏഷണി പറയാതെ നടക്കണം” എന്നുമൊക്കെയുള്ള ‘സ്ത്രീവിരുദ്ധപരാമർശങ്ങൾ’ എഴുതിവച്ചത് പൗലോസാണല്ലോ.

പൗലൊസ് എഴുതിയ കാര്യങ്ങൾ ഞാൻ പ്രസംഗിക്കുകയോ എഴുതുകയോ ചെയ്തതിന്റെ പേരിൽ, ഭാര്യയും രണ്ടു പെൺമക്കളുമുള്ള എന്നോട് പോലും ചില സഹോദരിമാരും സഹോദരന്മാരും കെറുവിച്ചിട്ടുണ്ട്. സഹോദരൻ സ്ത്രീവിരോധിയാണല്ലേ എന്നു മുഖത്തു നോക്കി ചില സഹോദരിമാർ ചോദിച്ചിട്ടുണ്ട്. സ്ത്രീ പുരുഷനു കീഴടങ്ങിയിരിക്കണം എന്നു വിവാഹവേളയിൽ പ്രസംഗിക്കുന്നത് പല സഹോദരിമാർക്കും ദഹിക്കാറില്ല. പാവം ഞാൻ! പൗലൊസ് എഴുതിയത് പ്രസംഗിക്കുന്ന എന്നോട് സഹോദരിമാർക്ക് ഇത്ര മാത്രം മുറുമുറുപ്പ് ഉണ്ടെങ്കിൽ, സാക്ഷാൽ പൗലൊസിനോട് അക്കാലത്തുണ്ടായിരുന്ന സഹോദരിമാർക്ക് എന്തു മാത്രം പ്രതിഷേധം ഉണ്ടായിരിക്കണം എന്നു ഞാൻ ചിന്തിക്കാറുണ്ട്.

പക്ഷേ വാസ്തവം അങ്ങനെയല്ലായിരുന്നു. ഫേബയ്ക്കും തുടർന്നു ഈ അദ്ധ്യായത്തിൽ പേർ പറയുന്ന മറ്റു സഹോദരിമാർക്കും പൗലൊസിനോട് യാതൊരു വിരോധവും ഉണ്ടായിരുന്നില്ല. ദൈവാത്മാവ് നിർദ്ദേശിച്ചത് പൗലൊസ് എഴുതിയെന്നേ ഉള്ളൂ. പഴയനിയമത്തിലും ഈ ആശയങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്ത്രീയും മോശെയെയോ മറ്റുള്ളവരെയോ വെറുത്തില്ല. ദൈവവചനത്തിന്റെ മുമ്പിൽ കീഴടങ്ങുന്ന യാതൊരു സഹോദരിക്കും പൗലൊസിന്റെ എഴുത്തുകളോട് വൈക്ലബ്യം അനുഭവപ്പെടുകയില്ല.

ഓ, ഫേബ...! "അവൾ എനിക്കും സഹായം ചെയ്തിരിക്കുന്നു" എന്നാണ് പൗലൊസ് എഴുതിയത്. പൗലൊസ് സ്ത്രീവിരോധിയാണെന്നു ഫേബ ചിന്തിച്ചതേയില്ല. പൗലൊസ് പറഞ്ഞ ദൈവവചനങ്ങളുടെ പേരിൽ അവൾക്ക് ഒരിക്കലും അദ്ദേഹത്തോട് മുഷിപ്പ് തോന്നിയില്ല. പൗലൊസിന് സഹായം ആവശ്യമായ സന്ദർഭത്തിൽ, 'പെൺവിരോധിയല്ലേ, അനുഭവിച്ചോ' എന്ന് അവൾ പറഞ്ഞ് അവൾ ഒഴിഞ്ഞുമാറിയില്ല.

ഫെമിനിസം (സ്ത്രീസ്വാതന്ത്ര്യവാദം) കൊടുമ്പിരി കൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഫെമിനിസ്റ്റുകളുടെ വാക്കു കേട്ട്, പൗലൊസിന്റെ എഴുത്തുകളിൽ സ്ത്രീവിരുദ്ധപരാമർശങ്ങൾ ഉണ്ടെന്നു സഹോദരിമാർ തെറ്റിദ്ധരിക്കരുതേ. ഫേബയുമായി പൗലൊസിനുണ്ടായിരുന്ന ഊഷ്മളമായ സാഹോദര്യബന്ധം ശ്രദ്ധിക്കുക. ദൈവവചനം പറയുന്നവനോട് നമുക്ക് ഒരിക്കലും ഈർഷ്യ തോന്നേണ്ടതില്ലല്ലോ.

ഫേബയെ റോമാസഭ ഉന്മേഷത്തോടെ സ്വീകരിക്കണം എന്നാണ് അപ്പൊസ്തലൻ എഴുതിയിരിക്കുന്നത്. അവൾ നമ്മുടെ സഹോദരിയാണെന്നു അദ്ദേഹം പറയുന്നു. എന്റെയും നിങ്ങളുടെയും സഹോദരിയാണ് എന്നർത്ഥം. ഒരുപക്ഷേ അവൾ വിജാതീയരുടെ കൂട്ടത്തിൽനിന്നും രക്ഷിക്കപ്പെട്ടു വന്നതാകാം. അതിന്റെ പേരിലൊന്നും അവളെ തഴയരുത്. അവളെ എങ്ങനെയൊക്കെ സ്വീകരിക്കണം എന്നും പൗലൊസ് എഴുതുന്നുണ്ട്. (1) അവളെ വിശുദ്ധന്മാർക്ക് യോഗ്യമാം വണ്ണം സ്വീകരിക്കണം. (2) കർത്താവിന്റെ നാമത്തിൽ സ്വീകരിക്കണം. (3) അവൾക്ക് സഹായം വേണ്ടുന്ന എല്ലാ കാര്യങ്ങളിലും അവളെ സഹായിക്കണം.

ഏതോ വ്യക്തിപരമായ കാര്യത്തിനുവേണ്ടിയാണ് അവൾ റോമിൽ പോകുന്നത്. അവിടെ അവൾക്ക് പരിചയമില്ല. അവൾ ഒരു സ്ത്രീയാണ്. അവൾക്ക് വേണ്ടുന്ന സഹായം റോമിലെ ദൈവജനം ചെയ്തുകൊടുക്കണം. കാരണം അവൾ നമ്മുടെ സഹോദരിയാണ്. കൂടാതെ അവൾ കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തി ആണ്. എന്നുവച്ചാൽ കെംക്രെയ എന്ന സ്ഥലത്തുള്ള സഭയിൽ വളരെ സജീവമായ നിലയിൽ വിവിധ ശുശ്രൂഷകൾ സന്തോഷത്തോടെ ചെയ്തുകൊണ്ടിരിക്കുന്ന സഹോദരിയാണ എന്നു സാരം.

ആ സഭയ്ക്കും മറ്റും ദൈവമക്കൾക്കും അവൾ ഒരു സഹായമാണ്. ചില സഹോദരിമാരുടെ 'തലയണമന്ത്രശുശ്രൂഷ'യും, 'ഏഷണിശുശ്രൂഷ'യും, 'പരദൂഷണശുശ്രൂഷ'യും നിമിത്തം എത്രയോ സഭകൾ തകർന്നുപോയിരിക്കുന്നു! പക്ഷേ, ഫേബ – അവൾ സഭയെ തകർക്കുന്ന സഹോദരിയായിരുന്നില്ല.

**(തുടരും)**

# ഹബക്കൂക് (പുസ്തകപഠനം)

6

**-എംവിഎസ്-**

**ഹബക്കൂക് 1:7**

*അവർ ഘോരവും ഭയങ്കരവുമായുള്ളവർ; അവരുടെ ന്യായവും ശ്രേഷ്ഠതയും അവരിൽനിന്നു തന്നേ പുറപ്പെടുന്നു.*

മാനസാന്തരപ്പെടാതെ തങ്ങളുടെ പാപത്തിൽ തുടർന്ന സ്വന്തജന മായ യിസ്രായേലിന് എതിരെ ദൈവം കല്ദയരെ കൊണ്ടുവരുന്ന കാര്യ മാണ് 1:6 ൽ നാം കണ്ടത്. ആ കല്ദയരെക്കുറിച്ച് ചില കാര്യങ്ങൾ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നു.

**(1) അവർ ഘോരവും ഭയങ്കരവുമായുള്ളവർ**

ഇത്രയും ശക്തരും ക്രൂരരും ആയവരാണ് യിസ്രായേലിന്റെ നേരെ വരുന്നത്; ദൈവം അവരെ വിളിച്ചു വരുത്തുകയാണ്! ഇത്രനാളും യിസ്രാ യേലിനെ സംരക്ഷിച്ചത് ദൈവമായിരുന്നു എന്നു അവർക്ക് മനസ്സിലാക്കി ക്കൊടുക്കുകയാണ്. കല്ദയർ മുമ്പും ഭൂമിയിലുണ്ടായിരുന്നു. പക്ഷേ യിസ്രായേലിന്റെ നേരെ വന്നിരുന്നില്ല. ദൈവം അതിന് അനുവദിച്ചില്ല. നാം ഇത് ഓർക്കണം. ഈ ഭൂമിയിൽ നമ്മെ നശിപ്പിക്കാൻ മതിയായ പല കാര്യങ്ങളുണ്ട്. അതൊന്നും നമ്മെ നശിപ്പിക്കാതവണ്ണം നമ്മെ സംരക്ഷി ക്കുന്നത് നമ്മുടെ ദൈവമാണ്.

'ഘോരത്വവും ഭയങ്കരത്വവും നിറഞ്ഞവർ' നമ്മുടെ മദ്ധ്യേ ഉണ്ടല്ലോ. ദൈവം ഇതുവരെയും നമ്മെ സംരക്ഷിച്ചിരിക്കുന്നു. രോഗാണുക്കൾ, ഉരുൾപ്പൊട്ടൽ, ഭൂമികുലുക്കം, കൊലപാതകം, അപകടമരണം.... ഇവ യ്ക്കെല്ലാം എപ്പോഴും സാധ്യതകളുള്ള ലോകത്തിലാണ് നാം ജീവിക്കു ന്നത്. നാം ഇത്ര കാലം ജീവിച്ചത് നമ്മുടെ മിടുക്കുകൊണ്ടും ഭക്തി കൊണ്ടും ആകുന്നുവോ? ദൈവം നമ്മെ സംരക്ഷിച്ചതല്ലേ? "അതെ, ദൈവം എന്നെ സംരക്ഷിച്ചതാണ്" എന്നു ഉറക്കെപ്പറയാൻ നമുക്ക് ഓരോ രുത്തർക്കും കഴിയണം.

ശിക്ഷാവിധിയുടെ ഭാഗമായി ദൈവം ഇതൊക്കെ നമ്മുടെ ജീവിത ത്തിൽ കൊണ്ടുവന്നാൽ! ഈ ഭൂമിയിൽനിന്നും നാം ഒരിക്കൽ മാറ്റപ്പെടും. പക്ഷേ അത് ശിക്ഷാവിധിയുടെ ഭാഗമായിട്ടാകരുത്.

ദാവീദ് പലപ്പോഴും പ്രാണഭയത്തിലായി. എന്നാൽ ദാവീദ് നശിച്ചു പോയില്ല. അത് ശൗലിന്റെ കഴിവുകേടു നിമിത്തം ആയിരുന്നില്ല; ദാവീദിന്റെ മിടുക്ക് നിമിത്തവും ആയിരുന്നില്ല. ദൈവത്തിന്റെ കരുതൽ നിമിത്തമായിരുന്നു. ഗോലിയാത്തിന്റെ കയ്യിലെ കുന്തവുമായി താരതമ്യം ചെയ്യുമ്പോൾ (1 ശമുവേൽ 17:7), ശൗലിന്റെ കയ്യിലെ കുന്തം വെറും 'ഉണക്കക്കുന്തം' മാത്രമായിരുന്നു. എങ്കിലും ഗോലിയാത്തിന്റെ കുന്തത്തേക്കാൾ ശൗലിന്റെ കുന്തമാണ് ദാവീദിന്റെ ജീവിതത്തിൽ പ്രാണഭയം കൊണ്ടുവന്നത്. ആ കുന്തംകൊണ്ട് ദാവീദിനെ കുത്തുവാൻ ചാടിയപ്പോൾ കുന്തം ചുവരിൽ തറച്ചു; ദാവീദ് വെട്ടിയൊഴിഞ്ഞു. ദൈവത്തിന്റെ കൃപ!

"എനിക്കും മരണത്തിനും മധ്യേ ഒരടി അകലം മാത്രമേയുള്ളൂ" എന്ന് ഒരിക്കൽ ദാവീദ് പറഞ്ഞു (1 ശമുവേൽ 20:3). "ഞാൻ ഒരു ദിവസം ശൗലിന്റെ കയ്യാൽ നശിക്കേയുള്ളൂ" എന്നു മറ്റൊരിക്കൽ ദാവീദ് പറഞ്ഞു (1 ശമൂവേൽ 27:1). പക്ഷേ ദൈവം അവനെ നിലനിർത്തി. നാം നിലനിൽക്കുന്നത് ദൈവത്തിന്റെ കൃപയാലാണ്; നമ്മുടെ മിടുക്കുകൊണ്ട് അല്ല. കർത്താവ് ശീമോൻപത്രൊസിനോടു പറഞ്ഞത് കേൾക്കുക: "ശീമോനേ, ശീമോനേ സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു"(ലൂക്കൊസ് 22:31,32).

ദൈവം ഉള്ളംകയ്യിലിട്ട് താലോലിച്ചുകൊണ്ടുനടന്ന യിസ്രായേൽജനം അറിയാതെ പോയ കാര്യമാണിത്. തങ്ങളെ നാളിതുവരെ പരിപാലിച്ചതും ഇപ്പോൾ പരിപാലിച്ചുകൊണ്ടിരിക്കുന്നതും സ്നേഹവാനായ ദൈവമാണ് എന്ന കാര്യം അവർ ഓർത്തില്ല. അതിനുള്ള ശിക്ഷാവിധി അവർ അനുഭവിക്കാൻ പോകയാണ്. ദൈവം അവർക്കെതിരെ ഘോരത്വവും ഭയങ്കരത്വവും ഉള്ളവരെ കൊണ്ടുവരുന്നു.

### (2) അവരുടെ ന്യായവും ശ്രേഷ്ഠതയും അവരിൽനിന്നു തന്നേ പുറപ്പെടുന്നു

എല്ലാം അവർ തീരുമാനിക്കും; അതിനുള്ള പ്രാപ്തി അവർക്കുണ്ട്. അവർക്കു അവരുടെ ന്യായം. മറ്റാരുടെയും നിയമത്തെ അവർ മാനിക്കുന്നില്ല. ആരെയും അവർ കൂട്ടാക്കുന്നില്ല. കല്ദയർ അങ്ങനെയുള്ള ഒരു താന്തോന്നിക്കൂട്ടമാണ്.

ഹബക്കൂകിന്റെ പ്രവചനമൊന്നും ആരും ചെവികൊണ്ടില്ല. ആരും മാനസാന്തരപ്പെട്ടുമില്ല. അതുകൊണ്ട് ദൈവം കൽദയരെ അവരുടെ നേരെ വരുത്തുക തന്നെ ചെയ്തു. അവർ വന്ന് എന്തെല്ലാം ചെയ്തുവെന്ന് 2 രാജാക്കന്മാർ 25-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ദുഷ്ടജനമായിരുന്നു

അവർ. യെരൂശലേമിലെ രാജാവായ "സിദെക്കിയാവിന്റെ പുത്രന്മാരെ അവൻ കാൺകെ കൊന്നു; സിദെക്കിയാവിന്റെ കണ്ണ് പൊട്ടിച്ചിട്ട് രണ്ടു ചങ്ങലകൊണ്ട് അവനെ ബന്ധിച്ച് ബാബേലിലേക്ക് കൊണ്ടുപോയി" (2 രാജാക്കന്മാർ 25:6,7).

ഇതുകൊണ്ട് തീർന്നില്ല. അവർ യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു. യെരൂശലേമിലെ എല്ലാ വീടുകളും പ്രധാന ഭവനങ്ങളൊക്കെയും തീ വച്ചു ചുട്ടുകളഞ്ഞു. യെരൂശലേമിന്റെ മതിലുകളെ ഇടിച്ചുകളഞ്ഞു (25:9-11). ഈ ദുരന്തങ്ങൾ സംഭവിക്കാതിരിക്കാനാണ് ദൈവം തന്റെ ദാസനായ ഹബക്കൂകിലൂടെ സംസാരിച്ചത്. പക്ഷേ പ്രയോജനമുണ്ടായില്ല.

ബി.സി 605 ലാണത്രേ ഹബക്കൂകിന്റെ പ്രവചനം. ബാബേൽരാജാവ് (കല്ദയരാജാവ്) അവരെ ആക്രമിച്ചത് ബി.സി 597 ലും! വെറും 8 വർഷങ്ങൾക്കുശേഷം! ഹബക്കൂകിന്റെ പ്രവചനം നിരസിച്ച ജനത്തിന് വെറും എട്ടു വർഷത്തിനുള്ളിൽ തിരിച്ചടി കിട്ടി. അവർക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ആ പ്രഹരം. അവരുടെ നാടും വീടും ദൈവാലയവും രാജകൊട്ടാരവും എല്ലാം നശിച്ചു. അവരെ സംരക്ഷിക്കുന്നു എന്നു അവർ കരുതിയ മതിലുകൾ ഇടിച്ചു നിരത്തപ്പെട്ടു. നിരവധി പേർ കൊല്ലപ്പെട്ടു. നിരവധി പേരെ അടിമകളാക്കി ബാബേലിലേക്ക് കൊണ്ടുപോയി.

പ്രിയരേ, നമുക്ക് നമ്മുടെ ചെയ്തികളെ പരിശോധിക്കാം. മാനസാന്തരപ്പെടാം. ദൈവം നമ്മോട് വിവിധ നിലകളിൽ ഇടപെടുന്നുണ്ട്. സംസാരിക്കുന്നുണ്ട്. നാം അത് കേൾക്കണം. നമ്മുടെ ജീവിതത്തെ പരിശോധിക്കണം. ഇല്ലെങ്കിൽ കൽദയർ വന്ന് നാശം വിതച്ചതുപോലെ നമ്മുടെ ജീവിതത്തിലും സംഭവിക്കും. **(തുടരും)**

## റിയൽ ലൈഫ് വോയ്സ്ഃ ലക്ഷ്യവും നയവും

**ലക്ഷ്യം** ഃ സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** ഃ ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. **(എഡിറ്റർ)**

## 29 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *സ്നാനം സംബന്ധിച്ച് താങ്കൾ ദുരുപദേശമല്ലേ പറയുന്നത്? താങ്കളുടെ 'വിശ്വാസവും സ്നാനവും' എന്ന പുസ്തകം വായിച്ചപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. എന്തിനാണ് സ്നാനത്തെക്കുറിച്ച് ഇങ്ങനെ ദുരുപദേശം എഴുതുന്നത്?*

**മറുപടി:**

ഞാൻ എഴുതിയ 'വിശ്വാസവും സ്നാനവും ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?' എന്ന പുസ്തകത്തിൽ വ്യക്തമായ തെളിവുകൾ തിരുവെഴുത്തുകളിൽനിന്ന് നിരത്തിയാണ് കാര്യങ്ങൾ എഴുതിയിരിക്കുന്നത്. അത് തെറ്റാണെങ്കിൽ അതിനെ ഖണ്ഡിച്ചുകൊണ്ട് എഴുതിയാൽ അത് പരിശോധിച്ച് മറുപടി തരുന്നതാണ്.

ഇക്കാലത്ത് വിശ്വാസവും സ്നാനവും എപ്രകാരമാണ് എന്നല്ല ആ പുസ്തകത്തിൽ ഞാൻ വിശദീകരിച്ചിട്ടുള്ളത്; ഒന്നാം നൂറ്റാണ്ടിൽ എപ്രകാരമായിരുന്നു എന്നാണ്. അപ്പൊസ്തലന്മാരുള്ള ഒന്നാംനൂറ്റാണ്ടിൽനിന്നും വ്യത്യസ്തമായി ഇന്ന് വിശ്വാസവും സ്നാനവും സംബന്ധിച്ച പഠിപ്പിക്കലുകളിൽ മാറ്റം വന്നുവെങ്കിൽ ആരാണ് അതിനു ഉത്തരവാദി?

'വിശ്വസിച്ചുസ്നാനപ്പെടുക' എന്നാണ് അപ്പൊസ്തലന്മാർ നമ്മെ പഠിപ്പിച്ചത്. അത് 'രക്ഷിക്കപ്പെട്ടു സ്നാനപ്പെടുക' എന്നാക്കിയത് ആരാണ്? അന്ന് വിശ്വസിച്ചു എന്നു അവകാശപ്പെടുന്നവരെല്ലാം സ്നാനപ്പെട്ടവർ കൂടിയാണ്. ഇന്നോ? സ്നാനം എന്ന ഉപദേശം സഭയിൽ നടപ്പിലാക്കിയതിനുശേഷം സ്നാനപ്പെടാത്ത വിശ്വാസികൾ എന്നൊരു വിഭാഗം അന്നുണ്ടായിരുന്നില്ല. ഇന്ന് പക്ഷേ അങ്ങനെയൊരു വിഭാഗം ഉണ്ടത്രേ! എങ്ങനെ ഇത് സംഭവിച്ചു?

നോക്കൂ: സ്നാനം എന്ന വിഷയം പഠിക്കേണ്ടത് സ്നാനത്തെ സംബന്ധിച്ച വേദഭാഗങ്ങൾ പരിശോധിച്ചുകൊണ്ടാണ്. ജഢവും പ്രവൃത്തികളും സംബന്ധിച്ച വാക്യങ്ങൾ എടുത്തുവച്ചല്ല സ്നാനം പഠിക്കേണ്ടത്. വിശ്വാസത്തെക്കുറിച്ചു പറയുന്ന വാക്യങ്ങൾ നോക്കിയല്ല സ്നാനം പഠിക്കേണ്ടത്. പരിച്ഛേദനയെക്കുറിച്ചു പറയുന്ന വാക്യങ്ങൾ പരിശോധിച്ചല്ല സ്നാനം പഠിക്കേണ്ടത്. **സ്നാനത്തെക്കുറിച്ചു പറയുന്ന വാക്യങ്ങൾ നോക്കി സ്നാനം പഠിക്കുക.** അതിനുശേഷം മറ്റു വേദഭാഗങ്ങളുമായി അതിനെ താരതമ്യം ചെയ്യാം. വൈരുദ്ധ്യങ്ങൾ കണ്ടാൽ അതിനു ന്യായീകരണം കണ്ടെത്തണം.

കുരിശിലെ കള്ളനെ നോക്കിയല്ല സ്നാനം പഠിക്കേണ്ടത്. കുരിശിലെ കള്ളന്റെ കാലത്ത് സ്നാനം എന്ന ഉപദേശം അവതരിപ്പിക്കപ്പെട്ടിട്ടില്ലായിരുന്നുവല്ലോ. **സ്നാനമേറ്റവരെ നോക്കിയാണ് സ്നാനം പഠിക്കേണ്ടത്.** സ്നാനം എന്നത് കർത്താവിന്റെ കല്പനയാണോ? ആണെങ്കിൽ അത് നിങ്ങൾ അനുസരിച്ചുവോ? ബൈബിളിൽ കാണുന്ന പോലുള്ള സ്നാനം തന്നെയാണോ ഏറ്റത്? ഇങ്ങനെ പല ചോദ്യങ്ങൾ സ്വയം തയ്യാറാക്കി, അവയ്ക്കുള്ള മറുപടി തിരുവചനത്തിൽ കണ്ടെത്തി, സ്നാനം എന്ന വിഷയം തെറ്റുകൂടാതെ പഠിക്കാനാകും.

**ഇതു നല്ല തമാശ!**

ഇവിടെ ചിലർ സ്നാനം എന്ന വിഷയം പഠിക്കുന്നത് സ്നാനത്തെക്കുറിച്ചു പറയാത്ത വാക്യങ്ങൾ നിരത്തിവച്ചുകൊണ്ട്! അതായത്, പക്ഷിയെ നോക്കി തവളയെക്കുറിച്ചു പഠിക്കുന്നതുപോലെ!

സ്നാനം ഏൽക്കാത്ത വ്യക്തികളെ നോക്കി ഇക്കൂട്ടർ സ്നാനത്തെക്കുറിച്ചു പഠിക്കുന്നു! അതായത്, സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങളെ മനസ്സിലാക്കാൻ, സ്കൂളിൽ പഠിക്കാത്ത കുട്ടികളെ സമീപിക്കുന്നതുപോലെ!

ഇതു നല്ല തമാശ തന്നെ.

**എന്റെ നയവും വെല്ലുവിളിയും**

സ്നാനത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഞാൻ കൊടുക്കുന്ന മറുപടികളിൽ രണ്ടെണ്ണം താഴെപ്പറയുന്നവയാണ്:

**My policy:** Whenever trying to prove a topic from the Bible, take passages that DIRECTLY RELATE TO THAT TOPIC. (**എന്റെ നയം:** ബൈബിളിൽനിന്ന് ഒരു വിഷയം അവതരിപ്പിക്കുമ്പോൾ ആ വിഷയവുമായി നേരിട്ടു ബന്ധമുള്ള വാക്യങ്ങൾ എടുക്കണം)

**My challenge:** Prove your ideas about baptism WITH THE PASSAGES ABOUT BAPTISM. TAKE SUCH PASSAGES AS PRIMARY SOURCES. (**എന്റെ വെല്ലുവിളി:** സ്നാനത്തെക്കുറിച്ചുള്ള നിങ്ങളുടെ ആശയങ്ങൾ സ്നാനത്തെക്കുറിച്ചു പറയുന്ന വേദഭാഗങ്ങളെടുത്ത് തെളിയിക്കുക. അത്തരം വേദഭാഗങ്ങൾ ആദ്യത്തെ തെളിവായി നിരത്തുക)

സ്നാനത്തെക്കുറിച്ച് ഞാൻ പറയുന്നത് ഇന്നത്തെ പല പണ്ഡിതന്മാരുടെയും പഠിപ്പിക്കലുകളോട് യോജിക്കണമെന്നില്ല. പക്ഷേ ബൈബിളുമായി നല്ലപോലെ യോജിക്കുന്നവയാണ് അതെന്നു എനിക്കുറപ്പുണ്ട്. നമുക്ക് ബൈബിളിലെ ആശയങ്ങളുമായി മുന്നേറാം; അതല്ലേ അഭികാമ്യം? ❍

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

33

## പരിഹാസികൾ!

**2017**

ഞാൻ ഒരു പാരലൽകോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന കാലം.

ആദ്യത്തെ പിരിയഡ് തുടങ്ങുന്നതിനു മുമ്പ് പ്രാർത്ഥനാഗീതം ഉണ്ട്. എല്ലാവരും എഴുന്നേറ്റു നിൽക്കണം. അദ്ധ്യാപകർ ക്ലാസ്സിൽ അതിനുമുമ്പ് എത്തിയിരിക്കണം.

അതിൻപ്രകാരം ഞാൻ എന്റെ ക്ലാസ്സിൽ നേരത്തേ ചെല്ലും. പ്രാർത്ഥനാഗീതം തുടങ്ങുന്നതിനു മുമ്പ് ഞാൻ കുട്ടികളോടു പറയും.

''എല്ലാവരും നിശബ്ദമായി നിൽക്കണം. നമ്മുടെ ഒരു ദിവസം നമുക്ക് പ്രാർത്ഥനയോടെ തുടങ്ങാം. ആരും അങ്ങോട്ടുമിങ്ങോട്ടും നോക്കി നിൽക്കുകയോ സംസാരിക്കുകയോ ചെയ്യരുത്.''

പ്രാർത്ഥനാഗീതം തുടങ്ങുമ്പോൾ ഞാൻ കണ്ണുകളടച്ച് തല കുനിച്ചു നിൽക്കും. കുട്ടികളെ പഠിപ്പിക്കാൻ ആവശ്യമായ കൃപയ്ക്കായി കർത്താവിനോടു പ്രാർത്ഥിക്കും.

ഇത് എല്ലാ ദിവസവും തുടർന്നു കൊണ്ടിരുന്നു.

ഒരു ദിവസം കുറച്ചു പെൺകുട്ടികൾ ക്ലാസ്സിലെ ആൺകുട്ടികൾ കാണാതെ സ്റ്റാഫ് റൂമിൽ വന്ന് എന്നോട് പറഞ്ഞു:

''പ്രേയർ നടക്കുമ്പോൾ സാറ് കണ്ണടച്ച് നിൽക്കുന്നുണ്ടല്ലോ. ഇടയ്ക്ക് പെട്ടെന്ന് കണ്ണ് തുറന്ന് ഒന്നു നോക്കണം. അപ്പോൾ ചില കാര്യങ്ങൾ കാണാം.''

''എന്താണത്?'' ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

''ഞങ്ങൾ പറയുന്നില്ല. സാറ് ഒന്നു കണ്ണ് തുറന്നു നോക്കണം.''

ഞാൻ അവരെ നിർബന്ധിച്ചപ്പോൾ അവർ അത് വെളിപ്പെടുത്തി:

''സാറ് കണ്ണടച്ച് നിൽക്കുമ്പോൾ ആൺകുട്ടികൾ പലരും സാറിനെ

കളിയാക്കുന്നുണ്ട്. ഞങ്ങൾക്കത് കാണുമ്പോൾ വിഷമം ഉണ്ട്."

"ശരി, ഞാൻ നാളെ ശ്രദ്ധിക്കാം."

പിറ്റെ ദിവസം... പതിവുപോലെ ഞാൻ കാര്യങ്ങൾ പറഞ്ഞു. "ആരും സംസാരിക്കരുത്. ഒരു ദിവസം പ്രാർത്ഥനയോടെ തുടങ്ങാം."

പ്രാർത്ഥനാഗീതം മൈക്കിലൂടെ കേട്ടുതുടങ്ങി. ഞാൻ കണ്ണുകളടച്ചു തല കുനിച്ചു നിന്നു.

ഇടയ്ക്ക് ഞാൻ അപ്രതീക്ഷിതമായി കണ്ണു തുറന്നു നോക്കി.

അപ്പോൾ കണ്ട കാഴ്ച! കുറച്ചു പേർ എന്നെ നോക്കി ഓരോ ഗോഷ്ടികൾ കാണിക്കുന്നു! ബാക്കിയുള്ളവർ ശബ്ദം കേൾക്കാതെ മുഖം പൊത്തി ചിരിക്കുന്നു!

എനിക്കു വിഷമം തോന്നി. എന്നെ കളിയാക്കിയതിലല്ല; ഇത്രയും നാൾ ഞാൻ പറഞ്ഞ കാര്യങ്ങൾക്ക് യാതൊരു വിലയും കൊടുക്കാതെ, ഞാൻ കാണിക്കുന്ന മാതൃക പ്രകാരം കണ്ണടച്ചു നിൽക്കാതെ അവർ എന്നെ കളിയാക്കിക്കൊണ്ടിരിക്കയായിരുന്നു എന്നോർത്തപ്പോൾ നിരാശയാണ് തോന്നിയത്.

*പരിഹാസികളുടെ മദ്ധ്യത്തിൽ കഴിയേണ്ടിവരുന്നത് നമുക്ക് പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണ്. നമ്മുടെ ആത്മാർത്ഥതയും നാം കാണിച്ചുകൊടുക്കുന്ന മാതൃകയും പരിഹസിക്കപ്പെടുമ്പോൾ അത് ഹൃദയത്തിൽ ഉണ്ടാക്കുന്ന മുറിവ് വേദനാജനകമാണ്. പക്ഷേ ഇത്തരം അനുഭവങ്ങൾ നമുക്ക് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കും എന്നതാണ് വാസ്തവം.*

*ജീവിതത്തിൽ ആരെങ്കിലും മറ്റുള്ളവരാൽ പരിഹസിക്കപ്പെടാതിരുന്നിട്ടുണ്ടോ? തമാശയ്ക്ക് എന്തെങ്കിലും പറയുന്നതല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മറ്റുള്ളവരുടെ മുമ്പിൽ നമ്മെ കോമാളിയാക്കുക എന്ന ലക്ഷ്യത്തോടു കൂടി, നമ്മുടെ നല്ല കാര്യങ്ങളെ കളിയാക്കുക - അതാണ് ഞാൻ ഉദ്ദേശിച്ചത്.*

*ഇങ്ങനെയുള്ള കളിയാക്കലുകൾ നമുക്ക് നിരാശയ്ക്ക് കാരണമാകരുത്. ഇത്തരം കളിയാക്കലുകളെ അഥവാ പരിഹാസങ്ങളെ നാം വളമാക്കിയെടുക്കണം. അതായത്, നാം ചെയ്യുന്ന നല്ല കാര്യങ്ങളെ ആരെങ്കിലും വിമർശിക്കുകയോ പരിഹസിക്കുകയോ ചെയ്താൽ, ആ കാര്യം കൂടുതൽ ആവേശത്തോടെ ചെയ്യാൻ നാം തയ്യാറാവണം.*

*നാം ഉപവസിക്കുന്നതിനെ, സ്ഥിരമായി പ്രാർത്ഥനായോഗങ്ങൾക്ക് പോകുന്നതിനെ, നാം ഭവനസന്ദർശത്തിനു പോകുന്നതിനെ... ഇക്കാര്യങ്ങളെയെല്ലാം ആരെങ്കിലും വിമർശിച്ചാൽ, കളിയാക്കിയാൽ അത് നിരാശയല്ല, പ്രോത്സാഹനമാണ് നമ്മിൽ ഉളവാക്കേണ്ടത്.*

*പരിഹാസികളുടെ ആക്രമണത്തിന് ഏറ്റവും കൂടുതൽ വിധേയനായിട്ടുള്ള ആളാണ് നമ്മുടെ കർത്താവ് എന്ന കാര്യം നാം മറക്കരുത്. "ഞാൻ മദ്യപന്മാരുടെ പാട്ടായിരിക്കുന്നു" (സങ്കീർത്തനങ്ങൾ 69:12). പരിഹാസികൾ നമ്മെ തളർത്തിക്കളയാൻ നാം*

*അനുവദിക്കരുത്. അവർ നടത്തുന്ന മാനസിക പീഡനത്തെ കർത്താവിലാശ്രയിച്ച് നാം നേരിടണം.*

*പരിഹാസികളുടെ പരിഹാസം സഹിക്കാൻ കഴിയാതെ ജീവിതം അവസാനിപ്പിച്ചവരുണ്ട്. പരിഹാസികൾ നിമിത്തം ജീവിതത്തിൽ ഉൾവലിഞ്ഞു നിന്നവരും മാനസികരോഗികളായിത്തീർന്നവരും ഉണ്ട്. പരിഹാസികളുടെ പരിഹാസം കാരണം ജോലി ഉപേക്ഷിച്ചവരുണ്ട്; ജീവിതത്തിൽ തോറ്റുപോയവരുണ്ട്.*

*ഈ മേഖലയിൽ ദൈവമക്കൾ വിജയിച്ചു കാണിച്ചുകൊടുക്കണം. വിജയിക്കുവാൻ ആവശ്യമായ ശക്തി നമ്മിലുണ്ട്. നമ്മിലുള്ള ദൈവാത്മശക്തി ഇതെല്ലാം നേരിടാൻ നമ്മെ ശക്തരാക്കും.*

*ഗോലിയാത്തിന്റെ പരിഹാസം ദാവീദിനെ തളർത്തിയില്ല (1 ശമൂവേൽ 17:43,44). ശിമെയിയുടെ പരിഹാസം ദാവീദിനെ തളർത്തിയില്ല (2 ശമൂവേൽ 16:5-8). ഈ പരിഹാസങ്ങളെയെല്ലാം മുന്നോട്ടുള്ള പ്രയാണത്തിന് ആവശ്യമായ ഊർജ്ജമാക്കി മാറ്റുകയാണ് ദാവീദ് ചെയ്തത്.*

*സുവിശേഷം അറിയിക്കാനുള്ള യാത്രയിൽ അപ്പൊസ്തലനായ പൗലൊസ് കേൾക്കേണ്ടിവന്ന പരിഹാസങ്ങൾ പലതാണ്. 'വിടുവായൻ' എന്നാണ് ചിലർ പൗലൊസിനെ വിളിച്ചത് (അപ്പൊ.പ്രവൃ.17:18). പഠിച്ച് പഠിച്ച് ഭ്രാന്തനായവനാണ് എന്നാണ് മറ്റൊരാൾ പൗലൊസിനെ വിശേഷിപ്പിച്ചത് (അപ്പൊ.പ്രവൃ.26:24). ഇതൊന്നും കേട്ട് പൗലൊസ് തളർന്നില്ല.*

*നാം ചെയ്യുന്ന ശുശ്രൂഷകളെ പലപ്പോഴും പലരും പരിഹസിക്കുകയോ വിമർശിക്കുകയോ ചെയ്തു എന്നു വരാം. ആ വിമർശനത്തിൽ വല്ല കഴമ്പുമുണ്ടോ എന്നു നാം പരിശോധിക്കണം. ഉണ്ടെങ്കിൽ തിരുത്തണം. ഇല്ലെങ്കിൽ നാം എന്തു ചെയ്തു വരുന്നുവോ അതു പൂർവ്വാധികം ശക്തിയായി തുടരണം.*

*പരിഹാസങ്ങളിലും വിമർശനങ്ങളിലും പെട്ട് വീണുടഞ്ഞുപോയ മനുഷ്യമൺപാത്രങ്ങളുടെ കൂട്ടത്തിൽ നാം ഉണ്ടാകരുത്. നമുക്ക് ദൈവം തന്ന ജീവിതം ജയിക്കാനുള്ളതാണ്. മനുഷ്യരുടെ കണ്ണിൽ നാം തോറ്റു പോയാലും ദൈവികദൃഷ്ടിയിൽ നാം വിജയിക്കണം.*

ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ട് ക്ലാസ്സിൽ നിന്ന അത്രയും നേരം എന്റെ ചില വിദ്യാർത്ഥികൾ എന്നെ കോമാളിയായി സങ്കല്പിച്ച് കളിയാക്കുകയായിരുന്നു എന്ന കാര്യം എന്നെ മാനസികമായി അല്പം മുറിവേൽപിച്ചുവെങ്കിലും അടുത്ത ദിവസങ്ങളിലും ഞാൻ അത് തുടർന്നു.

കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് ജീവിച്ചുപോകുന്നവനാണ് ഞാനെന്ന കാര്യം പാവം ആ വിദ്യർത്ഥികൾക്ക് അറിയില്ലല്ലോ.

"കളിയാക്കുന്നത് നിങ്ങളുടെ നിലവാരം. നിങ്ങളുടെ സംസ്കാരം. കളിയാക്കുന്നവർ കളിയാക്കിക്കൊള്ളൂ. എനിക്ക് പ്രാർത്ഥിച്ച് ക്ലാസ്സ് തുടങ്ങുന്നതാണ് താത്പര്യം" എന്നു ഞാൻ അവരോടു പറയുകയും ചെയ്തു.

# ഓരോരോ ജന്മങ്ങള്!

**-എംവിഎസ്-**

8

**8. എക്സിബിഷനിസം**

എന്താണ് എക്സിബിഷനിസം? ഒരു മനോരോഗമാണ് അത്. ഈ മനോരോഗമുള്ളവർക്ക് സ്വന്തം നഗ്നത മറ്റുള്ളവരെ കാണിക്കാനുള്ള താത്പര്യം ഉണ്ടായിരിക്കും. പരസ്യമായി അവർ അത് ചെയ്യുകയും ചെയ്യും. ഇത്തരം വാർത്തകൾ നാം പലപ്പോഴും പത്രങ്ങളിൽ വായിക്കാറുണ്ട്. ഈ സ്വഭാവം കാണിക്കുന്നവർക്ക് നാട്ടുകാർ കൊടുക്കുന്ന 'ചികിത്സ' നല്ല ചുട്ട അടിയാണ്. എന്നാൽ ഈ മനോരോഗത്തിന് യഥാർത്ഥ ചികിത്സയുണ്ട്.

ഈയിടെ നമ്മുടെ നാട്ടിലെ ഒരു സിനിമാനടനെക്കുറിച്ച് ഇത്തരം വാർത്തകൾ കേൾക്കുകയുണ്ടായി. അയാൾ കുറെ പെൺകുട്ടികളുടെ മുമ്പാകെ നഗ്നതാപ്രദർശനം നടത്തി. പെൺകുട്ടികളുടെ മൊഴികൾക്കു പുറമെ സിസിടിവികാമറാ ദൃശ്യങ്ങളും വ്യക്തമായ തെളിവായി ഉണ്ടായിരുന്നു. അയാളെ അറസ്റ്റ് ചെയ്തു. ഇതിനു മുമ്പും ഇതുപോലെ അയാൾ ചെയ്തിട്ടുണ്ട്. അന്നും അറസ്റ്റിലായി എങ്കിലും എങ്ങനെയൊക്കെയോ തടിയൂരി. ഇത്തവണ പക്ഷേ ശരിക്കും പെട്ടു.

കോടതിയിൽ ജാമ്യാപക്ഷയിൽ പ്രതിഭാഗം വക്കീൽ അവതരിപ്പിച്ച പോയിന്റ് ഇതാണ്: "അദ്ദേഹം എക്സിബിഷനിസം എന്ന മനോരോഗമുള്ള ആളാണ്; 2016 മുതൽ അതിനു മരുന്ന് കഴിക്കുന്നുണ്ട്." പക്ഷേ കോടതി ആ വാദം അംഗീകരിച്ചില്ല. ജാമ്യം കൊടുത്തുമില്ല. ആ നടന് ചികിത്സയിലൂടെയും കൗൺസലിംഗിലൂടെയും അസുഖം എത്രയും വേഗം മാറട്ടെ.

എക്സിബിഷനിസം എന്ന മനോരോഗം ഇന്ന് പലരിലും ഉണ്ട് എന്നതാണ് വാസ്തവം. തങ്ങളുടെ നഗ്നത മുഴുവനായോ ഭാഗികമായോ മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കാനുള്ള ആഗ്രഹം പലരും കാണിക്കുന്നുണ്ട് - പ്രത്യേകിച്ചും കൗമാരക്കാരും യുവാക്കളും! പെൺകുട്ടികളുടെ വസ്ത്രധാരണരീതി പലപ്പോഴും ഈ മനോരോഗത്തിലേക്ക് അവരെ തള്ളിവിടുന്നപോലെയുള്ളതാണ്. പുരുഷസമൂഹത്തിന് കാണാൻ താത്പര്യമുള്ള ഭാഗങ്ങൾ പരമാവധി മൂടിവയ്ക്കുക എന്നതല്ല, പരമാവധി തുറന്നു കാണിക്കുക എന്ന നയമാണ് പലരും കൊണ്ടുനടക്കുന്നത്.

"എന്റെ ശരീരം, എന്റെ പണം, ഞാൻ ഇഷ്ടമുള്ള വസ്ത്രം ധരിക്കും, അതെന്റെ സ്വാതന്ത്ര്യമാണ്" എന്നൊരു ന്യായീകരണവും! ഓരോരോ ജന്മങ്ങള്!

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th August 2022

Posted at
Thrissur RMS

**ആനുകാലികം**

## ടാപ്പിങ് തൊഴിലാളി കണ്ട പാഴ്റബ്ബർമരം!

റബ്ബർപാൽ നന്നായി ലഭിക്കുന്ന റബ്ബർമരം ടാപ്പിങ് തൊഴിലാളിക്ക് വലിയ ഹരമാണ്. പാൽ ലഭിക്കാതെ വന്നാൽ അത് പിന്നെ പാഴ്മര മായി. വിറ്റുകാശാക്കുക എന്നതു മാത്രമാണ് പിന്നെയുള്ള മാർഗ്ഗം. അടൂർ ബൈപാസ്സിനു സമീപം വാടകയ്ക്ക് താമസിക്കുന്ന ടാപ്പിങ് തൊഴിലാളിയായ യുവാവ് അപ്രകാരമൊരു പാഴ്മരം കണ്ടു! പക്ഷേ അത് 71 വയസ്സ് പ്രായമുള്ള സ്വന്തം അമ്മയായിരുന്നുവെന്ന് മാത്രം!

2022 ജൂലായ് 18 ലെ പത്രങ്ങൾ ഇക്കാര്യം റിപ്പോർട്ട് ചെയ്തിരുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്:

> 2022 ജൂലായ് 14 ന് ഇയാൾ അമ്മയെ മിത്രപുരം ഭാഗത്ത് വഴിയിൽ കൊണ്ടുനിർത്തി അതുവഴി വന്ന പോലീസ് വാഹനത്തിന് കൈ കാണിച്ചു. തന്റെ പേര് ബിജു എന്നാണെന്നും അജ്ഞാതയായ വയോധികയെ വഴിയരികിൽ കണ്ടതാണെന്നും പോലീസിനോടു പറഞ്ഞു. തുടർന്ന് പോലീസ് അമ്മയെ അഗതിമന്ദിരത്തിൽ എത്തിച്ചു.

ബെസ്റ്റ് മോൻ! ജന്മം തന്ന അമ്മയ്ക്കുതന്നെ പണി കൊടുത്തു. അമ്മ അവന് 'വഴിയരികിലെ അജ്ഞാത' ആയി. ഏതായാലും സ്വന്തം അമ്മയെ തല്ലിക്കൊല്ലുകയോ വിഷം കൊടുത്തുകൊല്ലുകയോ ചെയ്തിട്ടുള്ള മക്കളേക്കാൾ ഇവൻ മാന്യനാണ്. അമ്മയെ 'കഷ്ടപ്പെട്ട്' അഗതിമന്ദിരത്തിൽ എത്തിച്ചുവല്ലോ. അഗതിമന്ദിരക്കാർ ബുദ്ധിയുള്ളവരായിരുന്നു. അവർ അവനെ പോലീസ്സ്റ്റേഷനിലും എത്തിച്ചു. ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V